പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1556 **01-07-2026-ൽ മറുപടിയ്ക്ക്**

ആരോഗ്യ വകുപ്പിലെ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം ഉണ്ടാവാതിരിക്കാനുള്ള എന്തൊക്കെ മുൻകരുതലുകളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

മറുപടി: സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമുള്ള മരുന്നുകൾ സ്ഥാപനങ്ങളുടെ ആവശ്യകതക്ക് അനുസരിച്ച് തയ്യാറാക്കുന്ന വാർഷിക ഇൻഡന്റ് പ്രകാരം KMSCL വഴി വിതരണം ചെയ്തു വരുന്നു . ഇതു കൂടാതെ സ്ഥാപനങ്ങൾക്ക് ലഭ്യമായ പ്രാദേശിക ഫണ്ടുകൾ ഉപയോഗിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മരുന്ന് വാങ്ങലുകൾ നടത്തിയും സ്ഥാപനതല കൈമാറ്റത്തിലൂടെയും സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിച്ചു വരുന്നു.

(ബി) ആദിവാസി മേഖലകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

മറുപടി: ആരോഗ്യകേരളം മുഖേന കരാർ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് ജില്ലാ പ്രോഗ്രാം മാനേജർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. ആദിവാസി / ദുർഘട മേഖലകളിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പടെയുള്ള ജീവക്കാർക്ക് അധിക ഇൻസെന്റീവ് നൽകുന്നുണ്ട്. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ ആരോഗ്യകേരളം മുഖേന നിയമിക്കുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 70 വയസ്സായി തീരുമാനിച്ചിട്ടുണ്ട്.

(സി) ആശുപത്രി കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധന കാര്യക്ഷമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

മറുപടി: ആരോഗ്യ വകുപ്പ് ഡയറക്ടറേയും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേയും കീഴിലുള്ള ആശുപത്രി കെട്ടിടങ്ങളുടെ കാര്യത്തിൽ PWD യിൽ നിന്നും Survey & Valuation റിപ്പോർട്ട്, അൺഫിറ്റ് സർട്ടിഫിക്കറ്റ് കിട്ടാത്ത കെട്ടിടങ്ങൾക്ക് ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും അൺഫിറ്റ് സർട്ടിഫിക്കറ്റ് കിട്ടിയ കെട്ടിടങ്ങൾക്ക് അടിയന്തിരമായി പൊളിക്കുവാനുള്ള അനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ വേഗത്തിലാക്കുകയും പൊളിക്കുവാനുള്ള അനുമതി ലഭിച്ച കെട്ടിടങ്ങൾ അടിയന്തിരമായി പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ വരുന്ന സബ് സെന്ററുകൾ (ജനകീയരോഗ്യ കേന്ദ്രങ്ങൾ), താലൂക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് / ജില്ലാ ആശുപത്രികൾ എന്നിവയുടെ പരിപാലനച്ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായതിനാൽ. പൊളിച്ചു മാറ്റേണ്ടതും ഉപയോഗശൂന്യമായതുമായ കെട്ടിടങ്ങളുടെ ലിസ്റ്റ് തുടർനടപടികൾക്കായി തദ്ദേശസ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ആരോഗ്യസ്ഥാപനങ്ങളിൽ രോഗികൾക്ക് സേവനം നല്കുന്ന കെട്ടിടങ്ങളിലൊ / കെട്ടിട ഭാഗങ്ങളിലൊ കേടുപാടുകൾ ഉണ്ടോയെന്ന് ബന്ധപ്പെട്ട LSGD / PWD എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് പരിശോധിപ്പിക്കാനും അത്തരം കേടുപാടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും / സ്ഥാപന മേധാവികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സാഹചര്യങ്ങളിൽ അതാത് ജില്ലകളിലെ ദുരന്തനിവാരണ അതോറിറ്റിയുടെ സഹായവും തേടുന്നുണ്ട്.

സെക്ഷൻ ഓഫീസർ